പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

## ശിക്ഷാ നടപടി നേരിടുന്ന പോലീസുദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :129 28/1/2019-ൽ മറുപടിക്ക്

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സസ്പെൻഷൻ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ നേരിടുന്ന പോലീസുദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റത്തെ ബാധിക്കാതെ സംരക്ഷണം നൽകുന്ന കേരളാ പോലീസ് നിയമത്തിലെ 101(6)-ാം വകുപ്പ് റദ്ദാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരമൊരു തീരുമാനം എടുക്കുവാനുണ്ടായ സാഹചര്യമെന്തെന്ന് വ്യക്തമാക്കാമോ; | (എ) | കേരള പോലീസ് ആക്റ്റ് 2011-ലെ 101(6) വകുപ്പ് 8/1/2019 തീയതിയിലെ 413/ലെഗ്.ഇ 1/2019/നിയമം നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ച ഓർഡിനൻസ് പ്രകാരം റദ്ദാക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ, ചട്ടം 28 പ്രകാരമുള്ള നടപടിക്രമങ്ങളാണ് പോലീസ് ഓഫീസർമാരുടെ പ്രൊമോഷനുള്ള സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുവാൻ അവലംബിക്കുന്നത്. കെ.എസ്.&എസ്.എസ്.ആർ അനുശാസിക്കുന്ന പ്രകാരവും അച്ചടക്ക നടപടി നേരിടുന്ന/ശിക്ഷ ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥർ ഉന്നത ശ്രേണിയിലേയ്ക്ക് സ്ഥാനക്കയറ്റം നേടുന്നത് വ്യവസ്ഥപ്രകാരമുള്ള നിയന്ത്രണം ബാധകമാക്കാനാണ് ഇത്തരമൊരു നിയമഭേദഗതി നടപ്പിലാക്കിയത്. |

| | | | |
|---|---|---|---|
| (ബി) | ശിക്ഷാ നടപടി നേരിട്ട പോലീസുദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച തീരുമാനം എടുക്കുന്നതിന് വകുപ്പ് തല പ്രമോഷൻ സമിതി ഉണ്ടാക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ബി) | പോലീസുദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം സംബന്ധിച്ചുള്ള തീരുമാനം കൈക്കൊള്ളുന്നത് കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് 28-ാം ചട്ടം പ്രകാരം രൂപീകൃതമായ ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റിയാണ്. ടി കമ്മിറ്റി (ഹയറിൽ) പി,എസ്.സി. ചെയർമാൻ, ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി, സംസ്ഥാന പോലീസ് മേധാവിയും, ലോവർ കമ്മിറ്റിയിൽ പി,എസ്.സി. ചെയർമാൻ, സംസ്ഥാന പോലീസ് മേധാവി, ആഭ്യന്തര അഡീഷണൽ സെക്രട്ടറിയുമാണ് അംഗങ്ങൾ |

സെക്ഷൻ ഓഫീസർ